# ജാമക്കാരൻ

# JAMAKKARAN

VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 10

OCTOBER - 2021 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333**



കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് ഏവർക്കും സമാധാനം ഉണ്ടാകട്ടെ.

സെപ്റ്റംബർ മാസ ജാമക്കാരനും ഇതോടൊപ്പം അയക്കുന്നു. ഇതുവരേയും ഈ ദൈവവേലയെ സഹായിച്ച എല്ലാവർക്കും ക്രിസ്തുവിന്റെ നാമത്തിൽ നന്ദി അറിയിക്കുന്നു. ജാമക്കാരൻ വായനാ കുടുംബത്തിനുവേണ്ടി തുടർന്നും പ്രാർത്ഥിക്കുന്നു.

ഈ മാസം 2–ാം തീയതി മഹാത്മാഗാന്ധി അവർകളുടെ ജന്മദിനമാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി രാഷ്ട്രം വിവിധ ആഘോഷങ്ങൾക്ക് തുടക്കമിടും എന്നു വിശ്വസിക്കുന്നു. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനായി തന്റെ പദവി ഉപേക്ഷിച്ച് ജീവിതത്തെ സമർപ്പിച്ചുകൊണ്ട് അഹിംസാ സിദ്ധാന്തത്തിലൂടെ സ്വാതന്ത്ര്യം നേടി തന്ന മഹാത്മാവിന് പ്രണാമം. ഗാന്ധിജി അവർകൾ തന്റെ പദവിയോടൊപ്പം തന്റെ ഭൗതീകസമ്പത്തുകളും ഉപേക്ഷിച്ച് ഒരു

ജാമക്കാരൻ JAMAKKARAN

ആശ്രമവാസിയായി, എല്ലാവർക്കും നല്ല മാതൃകാപുരുഷനായി ജീവിച്ചു കാണിച്ചു തന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ ത്യാഗവും താത്വികമായ ചിന്തകളും പ്രവർത്തനങ്ങളും കണ്ട് ബ്രിട്ടീഷുകാർപോലും ഭയന്നു. ഇന്ന് പല രാഷ്ട്രീയ പാർട്ടികളും ഒരു ത്യാഗവും ചെയ്യാത്ത പലരേയും യോഗികളായി ചിത്രീകരിച്ച് അവരെ മഹത്വവൽക്കരിച്ചുകൊണ്ട് ഓരോ പ്രചരണതന്ത്രങ്ങൾ മെനഞ്ഞു പ്രവർത്തിക്കുന്നു.

തമിഴ്നാട്ടിൽ മുൻ മുഖ്യമന്ത്രിയായിരുന്ന പരേതയായ ജയലളിതയെ, അവരുടെ പാർട്ടിക്കാർ ത്യാഗിയായി ചിത്രീകരിക്കുവാൻ ശ്രമിക്കുന്നു. അവർ വരവിൽ കവിഞ്ഞ് സമ്പാദിച്ച സ്വത്തുക്കളും സ്വർണ്ണം വെള്ളി ആഭരണങ്ങളും ബിനാമി പേരിൽ സമ്പാദിച്ച ധനവും കൂട്ടി നോക്കിയാൽ 10 വർഷം ഇൻഡ്യയെ പട്ടിണികൂടാതെ നടത്തുവാൻ കഴിയും എന്ന് വിമർശിക്കപ്പെട്ടു. അവരുടെ എല്ലാ സ്വത്തും സമ്പാദ്യവും സി.ബി.ഐ. പിടിച്ചെടുക്കുകയും സ്വർണ്ണക്കൂമ്പാരങ്ങൾ മുഴുവനും അവരുടെ എല്ലാ സമ്പത്തും കോടതിയിൽ ഏൽപിക്കുവാൻ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടപടി എടുത്തിരിക്കുന്നു. ജയലളിത മുഖ്യമന്ത്രി പദത്തിൽ ആയിരിക്കവെ, സംസ്ഥാനത്തിന്റെ എല്ലാ വകുപ്പുകളുടേയും തലപ്പത്തിരിക്കുന്ന മന്ത്രിമാർ ഉൾപ്പെടെ എല്ലാവരും അഴിമതിയിൽ സമ്പാദിച്ച എല്ലാം തന്നെ ഏൽപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ അനധികൃതമായി സമ്പാദിച്ചതെല്ലാം 3 കണ്ടെയ്നർ ലോറികളിൽ ഹൈദ്രാബാദിലെ തന്റെ മുന്തിരിത്തോട്ടത്തിൽ ഒളിപ്പിച്ചു വച്ചിരുന്നു. ഇതും ഇപ്പോൾ കേന്ദ്ര അന്വേഷണ ഏജൻസി കണ്ടെടുത്തു. അവർ ഭരണത്തിൽ തുടർന്നിരുന്നുവെങ്കിൽ തമിഴ്നാടിനെയും വിറ്റ് കാശാക്കുമായിരുന്നു. അതുകൊണ്ടാണ് കർണ്ണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസ് അവർകൾ അവരെ ജീവപര്യന്തം തടവും 100 കോടി രൂപ പിഴയും വിധിച്ചത്. കൂടെ സഹായിച്ചവർക്കും ഇതേവിധി തന്നെയാണ് നൽകിയത്. പഴയ സർക്കാർ ജയലളിതയെ ത്യാഗിയായി പ്രഖ്യാപിച്ച് അവരുടെ പേരിൽ സ്റ്റാച്യുവും മന്ദിരങ്ങളും പണി കഴിപ്പിച്ചു. ഇങ്ങനെ, അനധികൃതമായ സ്വത്തു സമ്പാദനത്തിലൂടെ കോളിളക്കം സൃഷ്ടിച്ച ഇവരെ ത്യാഗിയായി,

ദേവതയെപ്പോലെ കൊണ്ടു നടക്കുന്ന രാഷ്ട്രീയ കക്ഷികളും തമിഴ്നാട്ടിൽ ഉണ്ട്. ആർ.എസ്.എസ്. കാർ ഗാന്ധിജിയെ വധിച്ച ഗോഡ്സെയെ ത്യാഗിയാക്കി, അദ്ദേഹത്തിനുവേണ്ടി ക്ഷേത്രവും പണിഞ്ഞു.

നമ്മുടെ കർത്താവായ യേശുക്രിസ്തു, സ്വർഗ്ഗസിംഹാസനം വെടിഞ്ഞ്, കഷ്ടങ്ങൾ സഹിച്ചുകൊണ്ട് ലോകജനതയെ അവരുടെ പാപങ്ങളിൽ നിന്നും വീണ്ടെടുക്കുവാൻ, ഒരു പാപവും ചെയ്യാതെ, ഒരു കുറ്റവും ചെയ്യാതെ സ്വയം മരണത്തിന് ഏൽപിച്ചു കൊടുത്തു. പാപം നിറഞ്ഞ ഈ ലോകത്തിൽ ഒരു ക്രിസ്ത്യാനി എങ്ങനെ ജീവിക്കണമെന്ന് തന്റെ ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു. ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിക്കേണം എന്ന് ക്രിസ്തു ഉപദേശിച്ചു. ക്രിസ്തുവിനെപ്പോലെ വിശുദ്ധിയോടെ ജീവിക്കുവാൻ ഈ ലോകത്തിൽ ആരെക്കൊണ്ടും സാധിച്ചില്ല. അതുകൊണ്ടാണ്, ക്രിസ്തുവിന്റെ ശിഷ്യൻമാരെപ്പോലും വിശുദ്ധൻ എന്നു സംബോധന ചെയ്യുവാൻ പാടില്ല എന്നു പറയുന്നത്. ഉദാഹരണമായി, വിശുദ്ധ മത്തായി, വിശുദ്ധ യോഹന്നാൻ, വിശുദ്ധ സെബാസ്റ്റ്യൻ, വിശുദ്ധ ലൂക്കോസ് എന്നിവരേയും അങ്ങനെ വിശേഷിപ്പിക്കരുതെന്ന്, ആഴമായ ദൈവീക വിശ്വാസത്തിൽ വന്നവർ ഉപദേശിക്കുന്നത്. അതിനോട് ഇതെഴുതുന്ന ഡോ. പുഷ്പരാജ് ആയ ഞാനും പൂർണ്ണമായും യോജിക്കുന്നു. അതുകൊണ്ടാണ്, വേദപുസ്തകത്തിൽ മത്തായി എഴുതിയ സുവിശേഷം, ലൂക്കോസ് എഴുതിയ സുവിശേഷം എന്നു മാത്രം എഴുതിയിരിക്കുന്നത്. സെന്റ് എന്ന പദം ഒരു വ്യക്തിയുടേയും പേരിനു മുൻപ് എഴുതുവാൻ പാടില്ല. വേദപുസ്തകം പറയുന്നു; "**ഞാൻ യഹോവ, അതു തന്നെ എന്റെ നാമം. ഞാൻ എന്റെ മഹത്ത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടു കൊടുക്കയില്ല**" (യെശ. 42:8).

ഈ വചനത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സഭയിലും ബിഷപ്പുമാരെ "തിരുമേനി" എന്ന് സംബോധന ചെയ്യരുത് എന്നു പറയുന്നത്. ഞാൻ 1969 –ൽ കേരളത്തിൽ കൺവെൻഷൻ യോഗത്തിൽ പ്രസംഗിക്കുവാൻ വന്നപ്പോൾ ഓർത്തഡോക്സ്, മാർത്തോമ, യാക്കോബായ സഭകളിൽ

ബിഷപ്പുമാരെ തിരുമേനിമാർ എന്നു വിളിക്കുന്നത് കേട്ടു. അന്നത്തെ കാലത്ത് സി.എസ്.ഐ. ബിഷപ്പിനെ ആരും "തിരുമേനി" എന്നു വിളിക്കാറില്ല. ബഹുമാനപ്പെട്ട ബിഷപ്പ് അവർകൾ എന്നാണ് സംബോധന ചെയ്തിരുന്നത്. പക്ഷേ, ഇപ്പോൾ സഭക്കാരെല്ലാം, തന്നെ തിരുമേനി എന്നു വിളിക്കുവാൻ ബിഷപ്പുമാർ ആഗ്രഹിക്കുന്നു. പക്ഷേ, അക്കാലത്ത് ഞാനും മദ്ധ്യ കേരള ബിഷപ്പിനെ തിരുമേനി എന്നു വിളിച്ചിട്ടുണ്ട്. കാരണം, സ്റ്റേജിൽ അന്ന് എന്നോടൊപ്പം ഉണ്ടായിരുന്ന എല്ലാവരും തിരുമേനി എന്നു വിളിക്കുമ്പോൾ ഞാൻ മാത്രം അതിൽ നിന്നും ഒഴിവാകുന്നത് എങ്ങനെ?

തമിഴ്നാട്ടിൽ നിന്നും കടന്നു വന്ന എനിക്ക് തിരുമേനി എന്ന് വിളിച്ച് പഴക്കമില്ല. അന്നത്തെ കാലത്ത് ഏകദേശം 1978 വരെ എന്റെ പ്രസംഗത്തിന് പരിഭാഷകൻ ഉണ്ടായിരുന്നു. അതുകൊണ്ട് പരിഭാഷക്കാരനും ഞാനും തിരുമേനി എന്നു പറഞ്ഞ് നന്ദി പറയും.

മാർത്തോമ സഭയിൽ കോട്ടയത്ത് ഉണ്ടായിരുന്ന ബിഷപ്പ് അവർകളുടെ അരമനയിൽ വച്ച് ഞാൻ ബിഷപ്പ് അവർകളോട് എന്തുകൊണ്ടാണ് ഇവിടെ ഉള്ളവർ ബിഷപ്പുമാരെ "തിരുമേനി" എന്നു വിളിക്കുന്നതെന്ന് ചോദിച്ചു. അതിന് അദ്ദേഹം തന്ന മറുപടി, ഇത് കേരളത്തിന്റെ സാംസ്കാരിക പദമാണ് എന്നാണ്. കേരളത്തിൽ ബ്രാഹ്മണ സമുദായത്തിൽ ഉള്ളവരെ തിരുമേനിമാർ എന്നുള്ള പദം ചേർത്ത് വിശേഷിപ്പിക്കുമായിരുന്നു. തമിഴ്നാട്ടിലെ നിഘണ്ടുവിൽ "തിരുമേനി" എന്ന പദത്തിന് നൽകിയിരിക്കുന്ന അർത്ഥം, **തിരു – വിശുദ്ധം, സൗന്ദര്യം** എന്നും **മേനി – ശരീരം** എന്നുമാണ്. അതായത് വിശുദ്ധ ശരീരം എന്നാണ് അർത്ഥമാക്കുന്നത്. **ദൈവം ഒരുവനല്ലോ വിശുദ്ധൻ** എന്നു വേദപുസ്തകം പഠിപ്പിക്കുമ്പോൾ, മനുഷ്യർ ആരും വിശുദ്ധരല്ല. ഈ വേദവചന അടിസ്ഥാനത്തിൽ മനുഷ്യർ ആരേയും തിരുമേനി എന്നു വിളിക്കാതിരിക്കുന്നത് നല്ലതാണ്. ഗലാത്യ ലേഖനം വായിക്കുമ്പോൾ ജഡികമായ ശരീരത്തിൽ വിശുദ്ധി ഇല്ലാത്ത പ്രവൃത്തികളെ വിശദീകരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏതു ദൈവവേലക്കാരനും വിശുദ്ധി ഉള്ളവനല്ല. യേശു ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുമ്പോൾ അവന്റെ പാപങ്ങളും

കഴുകപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ നാം വിശുദ്ധരായും വിശ്വാസികളായും മാറുന്നു. ഇങ്ങനെ ഞാൻ എഴുതിയതുകൊണ്ട് രക്ഷിക്കപ്പെട്ട നാം എല്ലാവരും വിശുദ്ധരല്ലേ എന്നൊരു ചോദ്യം വരും. എന്നാലും ഈ ജഡത്തിന്റെ ഉള്ളിൽ, ദൈവം നമ്മെ സൃഷ്ടിക്കുമ്പോൾ തന്നെ കാമക്രോധവികാരങ്ങൾ ദൈവം ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ടാണ് റോമ. 7:17–24 വരെയുള്ള വചനങ്ങൾ വായിക്കുകയാണെങ്കിൽ പൗലോസ് അപ്പോസ്തലൻ കണ്ണുനീരോടെ പറയുന്നതെന്തെന്നാൽ, ഞാൻ ചെയ്യുന്നത് പാപമാണെന്ന് എനിക്കു മനസ്സിലാകുന്നുണ്ട്. എന്നാലും എനിക്ക് ഇഷ്ടമില്ലാത്തത് ഞാൻ വീണ്ടും വീണ്ടും ചെയ്യുന്നു. അതുകൊണ്ട് കുറ്റക്കാരൻ ഞാനല്ല, എന്റെ ജഡമത്രെ എന്നു പറയുന്നു. ദൈവം നമ്മുടെ ജഡത്തിൽ നൽകിയിരിക്കുന്ന കാമവികാരം പാപമല്ല. ദൈവസന്തതിയെ പെറ്റെടുക്കുവാൻ വേണ്ടി ഈ വികാരങ്ങൾ ആവശ്യമാണ്. പക്ഷേ, ഇത് തെറ്റായി ഉപയോഗിക്കുമ്പോൾ അതു പാപമായി മാറുന്നു. അതുകൊണ്ടാണ്, ദൈവം വിവാഹം ഏർപ്പാട് ചെയ്തിരിക്കുന്നത്. ഈ കാമവികാരത്തെ, തന്റെ ജീവിതപങ്കാളിയുമായി മാത്രമേ പങ്കിടാവൂ. അതുവരെ ഇന്ദ്രീയജയം (Self Control) ഉപയോഗിച്ചു നിയന്ത്രിക്കണം. ഇതിലും നമുക്ക് തോൽവി തന്നെ ഉണ്ടാകും. നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കുവാൻ പലപ്പോഴും നമുക്കു തന്നെ സാധിക്കുന്നില്ല. പക്ഷേ, പൗലോസ് അപ്പൊസ്തലൻ ഫിലിപ്പ്യലേഖനം 4–ാം അദ്ധ്യായത്തിൽ, എന്നെ ബലപ്പെടുത്തുന്ന ക്രിസ്തു മുഖാന്തരം എല്ലാം സാധിക്കും എന്നു പറയുന്നു. റോമാ ലേഖനം 8–ാം അദ്ധ്യായം 6–ാം വചനത്തിൽ പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ, ക്രിസ്തു നമുക്കുള്ളിൽ ഇരുന്നാൽ ക്രിസ്തുവിന്റെ ഭാവം നമുക്കുള്ളിൽ കടന്നുവന്നാൽ ക്രിസ്തുവിനെപ്പോലെ അവന്റെ സാദൃശ്യത്തിൽ ജീവിക്കുവാൻ നമുക്കു സാധിക്കും. വെളിപ്പാട് പുസ്തകം 22–ാം അദ്ധ്യായത്തിൽ, വിശുദ്ധൻ ഇനിയും വിശുദ്ധനാകട്ടെ എന്നു പറയുന്നപോലെ നാം ജീവിക്കുവാൻ ശ്രമിക്കണം.

ആയതിനാൽ, **ഏതൊരു ബിഷപ്പിനേയും, ഏതു വരം ലഭിച്ച**

**ദൈവവേലക്കാരനേയും ദൈവത്തിനു തുല്യമായി ബഹുമാനിക്കരുത്.** മനുഷ്യൻ മനുഷ്യൻ തന്നെ. ദൈവം ദൈവം തന്നെ.

മനുഷ്യൻ ഒരുത്തന്റെ പ്രവൃത്തികളെ കണ്ട് അവനെ നിഷ്കളങ്കൻ എന്നു പറയുന്നു. ഇയ്യോബ് 9:22 –ൽ ദുഷ്ടനെയും നിഷ്കളങ്കനേയും ഞാൻ നശിപ്പിക്കും. സഭാ. 3:17 ലും ദുഷ്ടനേയും നിഷ്കളങ്കനേയും ന്യായവിധിയിൽ കൊണ്ടു നിർത്തും എന്നു പറയുന്നു. ദുഷ്ടനെ ദൈവം നശിപ്പിക്കുന്നതിൽ ന്യായമുണ്ട്. പക്ഷേ, നിഷ്കളങ്കൻ ഒരു തെറ്റും ചെയ്തിട്ടില്ല. അവനെ എന്തിനാണ് നശിപ്പിക്കുന്നത്. കാരണം, മനുഷ്യൻ മുഖത്തെ നോക്കുന്നു, ദൈവമോ അവന്റെ ഹൃദയത്തെ നോക്കുന്നു. ഡോ. പുഷ്പരാജ് നല്ല പ്രാസംഗികനും നല്ല പ്രാർത്ഥനാവീരനാണെന്നും എന്നെ സ്റ്റേജിൽ കണ്ട്, എന്റെ പ്രസംഗം കേട്ട് എന്നെ നിഷ്കളങ്കൻ എന്നു പറയുന്നു. പക്ഷേ, എന്റെ ഹൃദയത്തിന്റെ ആഴത്തെ, എന്റെ ഭാര്യയ്ക്കുപോലും മനസ്സിലാക്കുവാൻ സാധിക്കുകയില്ല. പക്ഷേ, ദൈവം എന്റെ ഹൃദയത്തേയും എന്റെ ചിന്തയേയും കാണുന്നവനും അറിയുന്നവനുമാണ്. ദാവീദ് 139–ാം സങ്കീർത്തനത്തിൽ, കർത്താവേ, നീ ദൂരത്തു നിന്ന് എന്നെ ആരാഞ്ഞ് അറിയുന്നു എന്നു തന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നു.

അതുകൊണ്ട്, വിവാഹം കഴിക്കാത്ത ബിഷപ്പുമാരായാലും വരം ലഭിച്ച ദൈവവേലക്കാരൻ ആയാലും അവരെ "**തിരുമേനി**" എന്നോ "**വിശുദ്ധൻ**" എന്നോ പറയുവാൻ പാടില്ല. **"തിരുമേനി" എന്ന വാക്കും "വിശുദ്ധൻ" എന്ന വാക്കും ദൈവത്തിനുമാത്രം അർഹതപ്പെട്ടതാണ്.**

യേശുക്രിസ്തുവിനെ ഒരാൾ നല്ലവൻ എന്നു പറഞ്ഞപ്പോൾ ദൈവം അല്ലാതെ നല്ലവൻ ആരും ഇല്ലല്ലോ എന്നാണ് പറഞ്ഞത്.

ഞാൻ ഇങ്ങനെ എഴുതുന്നതിൽ ബിഷപ്പുമാർ ആരും തെറ്റിദ്ധരിക്കരുത്. നിങ്ങൾ ആരെയും അപമാനിക്കുവാൻ അല്ല ഞാൻ ഇത് എഴുതുന്നത്. ജനങ്ങൾ ബഹുമാനത്തോടെ നിങ്ങളെ തിരുമേനി എന്നു വിളിക്കും. ഞാൻ അതിന് അർഹനല്ല എന്നു പറഞ്ഞ് നിങ്ങൾ അതിനെ തടയണം. ദൈവത്തിന്റെ മഹത്വം

നിങ്ങൾ എടുക്കുവാൻ ശ്രമിച്ചാലോ ആഗ്രഹിച്ചാലോ അത്, നിങ്ങൾക്കു തന്നെ ആപത്താണ്. ത്മിഴ്നാട്ടിൽ മുൻ മുഖ്യമന്ത്രിയായ ജയലളിതയുടെ കാല്ക്കൽ വെള്ള വസ്ത്രധാരികളായ അനേകർ വീണ് സാഷ്ടാംഗപ്രണാമം ചെയ്തിരുന്നു. അത് നാണക്കേടല്ലേ? എന്തുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു? തങ്ങളുടെ പദവിയെ നിലനിർത്തുവാനും ജയലളിതയുടെ ഇഷ്ടം പിടിച്ചു പറ്റുവാനുമാണ്. ജനങ്ങളുടെ മദ്ധ്യേ അവരുടെ ഇത്തരം പ്രകടനങ്ങൾ ജയലളിത ആഗ്രഹിക്കുന്നതുകൊണ്ടുമാണ്. പത്രോസിന്റെ കാൽക്കൽ വീണു വന്ദിച്ചവരോട്, ഞാനും നിങ്ങളെപ്പോലെ ഒരു സാധാരണക്കാരൻ എന്ന് പറഞ്ഞ് എഴുന്നേല്പിച്ചതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഞാനും കൺവെൻഷൻ യോഗങ്ങളിൽ, ആരംഭത്തിൽ തന്നെ പറയും, പ്രാർത്ഥനയിൽക്കൂടി സൗഖ്യം നൽകുന്നത് ദൈവമാണ്. നിങ്ങളുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നത് ദൈവമാണ്. എനിക്കും ഈ അത്ഭുതപ്രവർത്തനങ്ങളും തമ്മിൽ ഒരു ബന്ധവും ഇല്ല. അതുകൊണ്ട്, പ്രസംഗം കഴിഞ്ഞശേഷം പ്രാർത്ഥിക്കുവാൻ എന്റെ അടുക്കൽ വരുന്നവർ ആരും എന്റെ കാല്ക്കൽ വീഴരുത്, എന്റെ കരത്തിൽ മുത്തമിടരുത്. ദൈവകോപം എന്റെ മേൽ വരാതിരിപ്പാനാണ് ഞാനിത് വിളിച്ചു പറയുന്നത്. കേരളത്തിൽ കുറിയന്നൂർ കൺവെൻഷനിൽ ഇതുപോലെ സംഭവിക്കുകയുണ്ടായി. അതുകാണുവാനിടയായ വേദിയിലായിരുന്ന ചില ബിഷപ്പുമാർക്ക് എന്നോടു വെറുപ്പു തോന്നി. കേരളത്തിൽ എല്ലാ ഡയോസിസ് കൺവെൻഷനുകളിലും ഏതാനും ചിലർ എന്റെ കാലിൽ വീഴുവാൻ ശ്രമിച്ചു. ദൈവകോപം എന്റെ മേൽ വരാതിരുന്നത് ദൈവത്തിന്റെ കൃപയാണ്. അന്ന് ബിഷപ്പ് അവർകൾ പറഞ്ഞതുപോലെ, ഇത് സംസ്ക്കാരത്തിന്റെ അടിസ്ഥാനത്തിൽ അല്ല, അവരവരുടെ സഭകളിലെ ശീലം അവർ പിൻതുടർന്നതാണ്. നമ്മുടെ വേദപുസ്തകത്തെ Universal Law എന്നാണ് അറിയപ്പെടുന്നത്. ലോകത്തിലുള്ള എല്ലാ സംസ്ക്കാരങ്ങൾക്കും വേദപുസ്തകം യോജിച്ചതാണ്. ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ. ദൈവീകകൃപ നിങ്ങൾ എല്ലാവരോടും ഉണ്ടാകുമാറാകട്ടെ.

**- Dr. Pushparaj**



# അമ്മായി അമ്മയെ പുകഴ്ത്തുന്ന മരുമകൾ

മരുമകളെക്കുറിച്ച് ഞാൻ ലേഖനം എഴുതി തുടങ്ങിയപ്പോൾ വിവിധ സ്ഥലങ്ങളിൽ നിന്നും രണ്ടു സ്ത്രീകളുടെ കത്തുകൾ എനിക്ക് ലഭിച്ചു. അത് വായിച്ചപ്പോൾ അത് നൂറുകണക്കിന് മരുമക്കളുടെ കത്തുകളായി എനിക്കുതോന്നി. ഇത് എഴുതുന്ന ഞാനും ഒരു ഭവനത്തിലെ മരുമകളായിട്ടു തന്നെ ജീവിക്കുന്നു. ഇൻഡ്യക്കാരായ നാം എല്ലാവരും കൂട്ടു കുടുംബത്തിലാണ് തളയ്ക്കപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നും രക്ഷപ്പെടുവാൻ സാധ്യമല്ല. ഓരോരോ കുടുംബത്തിനും ഓരോരോ പാരമ്പര്യങ്ങൾ ഉണ്ട്. നമുക്ക് ആർക്കും ആ പാരമ്പര്യങ്ങളെ ഒറ്റ രാത്രി കൊണ്ട് മാറ്റുവാൻ സാധ്യമല്ല. ചില സ്ഥലങ്ങളിലെ സംസ്ക്കാരത്തെ നിമിഷങ്ങൾ കൊണ്ട് മാറ്റുവാനും സാധ്യമല്ല. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഭാരതത്തിൽ ജനിച്ച നിങ്ങൾക്ക് കൂട്ടുകുടുംബത്തിന്റെ അന്തരീക്ഷത്തിൽ തന്നെ ജീവിക്കേണ്ടിയിരിക്കുന്നു. പക്ഷേ, അതേ സമയത്തിൽ നിങ്ങളെ ഒരു കൂട്ടിലടച്ച കിളിയായി കരുതണ്ട. ഇരുട്ടിനെ ശപിക്കുന്നതിനേക്കാൾ ആ ഭവനത്തിൽ ഒരു വിളക്കു കത്തിക്കാമല്ലോ. പോകുന്ന കുടുംബത്തെ സ്വന്തകുടുംബത്തെപ്പോലെ കരുതി, ആ കുടുംബത്തിൽ സന്തോഷവും വെളിച്ചവും ഉണ്ടാക്കുവാൻ നിങ്ങളെക്കൊണ്ട് കഴിയും. എങ്ങനെയുള്ള പയ്യനെയാണ് നിനക്ക് ജീവിതപങ്കാളിയായി വേണ്ടതെന്ന ചോദ്യത്തിന് ഒരു പെൺകുട്ടി എന്നോട് പറഞ്ഞത്, അമ്മായിയമ്മ ഇല്ലാത്ത കുടുംബത്തിലെ ആൺകുട്ടിയെ മതി എന്നാണ്. ആത്മീകമായി ചിന്തിക്കുമ്പോൾ ഇങ്ങനെയുള്ള പെൺകുട്ടികൾക്ക് ഭാര്യമാരാകുവാനുള്ള യോഗ്യത ഇല്ല. തീർച്ചയായും ഇങ്ങനെയുള്ള പെൺകുട്ടികൾ ആരോടും സഹകരിക്കുവാൻ താൽപര്യമില്ലാത്ത സ്വാർത്ഥമതികളാണ്. സ്വാർത്ഥത മാത്രം ലക്ഷ്യം വച്ച് ജീവിക്കുന്ന കുടുംബത്തിൽ നല്ല സ്വഭാവഗുണത്തോടെ മകളെ വളർത്തുവാൻ സാധിക്കുകയില്ല. മരുമകൾമാരെക്കുറിച്ച് പറയുകയാണെങ്കിൽ രണ്ടു കൂട്ടുകുടുംബങ്ങൾ ഒന്നായി ചേർന്നു എന്നു

പറയുവാൻ കഴിയും. ഭർത്താവിന്റെ ഭവനത്തിൽ മരുമകൾ പ്രവേശിക്കുന്നത് ഒന്ന്. ആ ഭവനത്തിൽ അമ്മായിയമ്മയായിരിക്കും ഭരണം നടത്തുന്നത്. ചില ഭർത്താക്കന്മാരുടെ ഭവനങ്ങളിൽ മാതാപിതാക്കൾ പ്രായം ചെന്ന് മകന്റെ ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നവരായിരിക്കാം. ആ ഭവനത്തിൽ മരുമകളായി വരുന്നവർ ആ ഭവനത്തിന്റെ നിയന്ത്രണം സ്വന്തം കൈകളി ലാക്കും. ഇത് വായിക്കുന്ന നിങ്ങൾ ആദ്യത്തെ വീട്ടിൽ പ്രവേശിച്ചവർ ആയിരിക്കാം. നിങ്ങൾ പ്രതീക്ഷിച്ച വിധം ഭർത്താവോ അമ്മായിയമ്മയോ പെരുമാറുന്നില്ല. നിങ്ങൾ സ്വപ്നം കണ്ടതുപോലെയുള്ള പ്രത്യേക കുടുംബജീവിതം നിങ്ങൾക്കു ലഭിക്കുക അസാധ്യം. അവിടെ നിങ്ങളുടെ സ്വപ്നങ്ങൾ തകർന്നു വീഴുന്നു. നമുക്ക് ഇഷ്ടമില്ലാത്ത ഒന്നു നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ ഒന്ന് നിങ്ങൾക്ക് അത് കയ്പായി തോന്നാം അല്ലെങ്കിൽ മധുരമായിട്ടു തോന്നാം. **ദൈവം നമ്മെ ഓരോരുത്തരേയും ആക്കിയിരിക്കുന്ന ഭവനങ്ങളിൽ അവിടുത്തെ സാഹചര്യങ്ങളെ വിട്ട് ഓടിപ്പോകുവാൻ ശ്രമിക്കരുത്**. കർത്താവ് ഹാഗാറിനോട്, നീ മടങ്ങിപ്പോയി സാറക്ക് കീഴടങ്ങിയിരിപ്പാൻ പറഞ്ഞപ്പോൾ അവൾ കർത്താവിനെ, **നീ എന്നെ കാണുന്ന ദൈവം** എന്ന് പേർ വിളിച്ചു. നിങ്ങളെ കണ്ട ദൈവത്തെ, നിങ്ങൾ പാർക്കുന്ന ഭവനങ്ങളിൽ, അതേ സാഹചര്യത്തിൽ തന്നെ കാണുവാൻ നിങ്ങൾക്കു സാധിക്കണം (ഉല്പ. 16:13). വിവാഹജീവിതത്തിന്റെ ആരംഭത്തിൽ തന്നെ അമ്മായിഅമ്മയേയും അമ്മായിഅപ്പനേയും സന്തോഷിപ്പിക്കുവാൻ ശ്രമിക്കണം. പ്രായമുള്ളവരുടെ ജീവിതചര്യകളെ മാറ്റുവാൻ ഒരിക്കലും ശ്രമിക്കരുത്. അതിനേക്കാൾ അവരുടെ ജീവിതചര്യകളോട് നിങ്ങൾ പൊരുത്തപ്പെടുന്നതാണ് ഏറെ ഉത്തമം. അമ്മായിഅപ്പനേയും അമ്മായിഅമ്മയേയും അനുസരിക്കണം എന്നു വേദപുസ്കത്തിൽ പറയാതെ പോയാലും പ്രായമുള്ളവരെ ബഹുമാനിക്കണം എന്നു വേദപുസ്തകം പഠിപ്പിക്കുന്നു. സ്നേഹത്തോടും വിനയത്തോടും ബഹുമാനത്തോടും കൂടെ അവരോടു പെരുമാറണം. അവരുടെ മനസ്സിനെ വേദനിപ്പിക്കുന്ന വിധത്തിൽ നിങ്ങളിൽ നിന്നും ഒരു പെരുമാറ്റവും ഉണ്ടാവരുത്. അവരുടെ സംസ്ക്കാരത്തിന്റെ അടിസ്ഥാനത്തിൽ അവരെ അമ്മയെന്നോ അമ്മച്ചിയെന്നോ അഭിസംബോധന ചെയ്യാം. നിങ്ങളുടെ കുടുംബപാരമ്പര്യ

ത്തിൽ നിങ്ങൾ വേറെ പദങ്ങൾ ഉപയോഗിക്കുമായിരിക്കും. എന്നാൽ നിങ്ങൾ നിങ്ങളുടെ ഭർത്താവിനോടു തന്നെ ചോദിച്ച് അമ്മായി അമ്മയെ വിളിക്കേണ്ട തെങ്ങനെയെന്ന് അറിഞ്ഞു കൊൾവിൻ. ആ കുടുംബത്തിൽ, നിങ്ങൾക്ക് ഇഷ്ട മില്ലാത്ത ചില മാറ്റങ്ങൾ അവർ വരുത്തിയാൽ നിങ്ങൾ കോപിക്കരുത്. നിങ്ങളും അവരോടൊപ്പം ചേർന്ന് അവരെ സഹായിക്കുക. അമ്മായി അമ്മ ആഹാരം പാകം ചെയ്യുമ്പോൾ അവരെ പുകഴ്ത്തി പറയണം.

പൊതുവെ അമ്മായിഅമ്മയോടാണ് വഴക്കുണ്ടാക്കുവാൻ സാധ്യത. അമ്മായിഅമ്മയെ നിങ്ങൾക്ക് ഇഷ്ടമില്ലാതെ പോയാൽ അവർ എന്തു ചെയ്താലും അവർ എന്തു പറഞ്ഞാലും നിങ്ങൾക്ക് അത് തെറ്റായിട്ടു തന്നെ തോന്നും. തങ്ങളുടെ ഓമന മകനെ നിങ്ങൾക്കുവേണ്ടി ത്യാഗം ചെയ്തവരായി അവർ രണ്ടു പേരെയും നിങ്ങൾ കാണണം. ഫലം പുറപ്പെടുവിക്കുന്ന നാളുക ളിൽ വിൽക്കപ്പെട്ട മരത്തെപ്പോലെ, നിങ്ങളുടെ ഭർത്താവിനെ അവരുടെ മാതാ പിതാക്കൾ വളർത്തിയിരിക്കുന്നു. കഷ്ടപ്പെട്ടു വളർത്തി ഇന്ന് സ്വന്തമായി സമ്പാ ദിക്കുന്ന സ്ഥിതിയിൽ തന്നെ നിങ്ങളുടെ ഭർത്താവായി വിട്ടുകൊടുത്തിരിക്കു ന്നു. എന്റെ മകന് ഇതൊന്നും ഇഷ്ടമില്ല എന്ന് അവർ പറഞ്ഞാൽ അതിനെ അനുസരിച്ച് നടന്നു കൊള്ളണം. വാഗ്വാദത്തിന് അത് കാരണമായിത്തീരരു ത്. ഒരു മകനെ പ്രസവിച്ച അമ്മയുടെ ഹൃദയത്തെ നിങ്ങൾ അറിയണം. വിവാഹം കഴിഞ്ഞ് നിങ്ങൾ ഒരു മകനെ പ്രസവിച്ച് വളർത്തി അവന് ഒരു മരു മകളെ കണ്ടെത്തി ഏൽപിക്കുമ്പോഴാണ് നിങ്ങൾക്ക് അത് മനസ്സിലാകുന്നത്.

അമ്മായി അമ്മയുടെയും അമ്മായി അപ്പന്റേയും വിലയെ നന്നായി മന സ്സിലാക്കുന്നത് നിങ്ങൾക്കു നല്ലത്. നിങ്ങളും ജോലിക്കായി പുറത്ത് പോകുന്ന വരായിരുന്നാൽ നിങ്ങളുടെ വയറ്റിൽ ജനിച്ച നിങ്ങളുടെ മക്കളെ വേലക്കാരിയുടെ അടുക്കൽ ഏൽപിച്ചു പോകുന്ന അപകടത്തെ നിങ്ങൾ മനസ്സിലാക്കണം. മക്കളോട് വാൽസല്യം കാണിക്കുന്ന അമ്മായി അമ്മയും അമ്മായി അപ്പനും വീട്ടിലുണ്ടെങ്കിൽ അത് എത്ര അനുഗ്രഹമായിരിക്കും. തന്റെ മകനേക്കാൾ, കൊച്ചു മക്കളെയാണ് പ്രായമുള്ളവർ സ്നേഹിക്കുന്നത്. ചിലപ്പോൾ ദേഷ്യത്തോടെ നിങ്ങളുടെ മക്കളെ ശാസിക്കുമ്പോൾ അവർ ഓടി

ചെല്ലുന്നത് അപ്പച്ചന്റെയും അമ്മച്ചിയുടെയും അടുക്കലേക്കാണ്. കുഞ്ഞുങ്ങൾ വളരുമ്പോൾ അവരോട് സംസാരിക്കുവാനും പുറത്ത് കൊണ്ടു പോകുവാനും ഒരാൾ ആവശ്യമാണ്. അത് ഭർത്താവിന്റെ മാതാപിതാക്കളോടായിരുന്നാൽ അത് നമുക്ക് ധൈര്യം നൽകുമല്ലോ? സ്കൂളിൽ കുഞ്ഞുങ്ങളോട് ടീച്ചർ, സന്തോഷമുള്ള കുടുംബം ഏതാണ് എന്ന് ചോദിച്ചപ്പോൾ കുട്ടികളുടെ മറുപടി, അപ്പച്ചനും അമ്മച്ചിയും ഉള്ള കുടുംബമാണ് സന്തോഷമുള്ള കുടുംബം എന്നായിരുന്നു. പ്രായം കൂടിയവരെ വൃദ്ധസദനങ്ങളിൽ എത്തിക്കുന്ന മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളുടെ ഈ മറുപടി ഒരു പാഠമാകുന്നു. ചില സമയങ്ങളിൽ നിങ്ങളുടെ സംരക്ഷണത്തിനും, പ്രസവ സമയത്തും ആ പ്രായമായവരുടെ സഹായം ഏറെ ആവശ്യമാണ്. അമ്മായിയപ്പനേയും അമ്മായി അമ്മയേയും വെറുത്ത് ഒതുക്കിയ മരുമകൾ ഇങ്ങനെ ഉള്ള സാഹചര്യത്തിൽ എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കും. ഉടനെ നിങ്ങളുടെ ഭർത്താവിനോട് പറയും, നിങ്ങളുടെ അപ്പനേയും അമ്മയേയും മടക്കി വിളിക്കണം എന്ന്. അങ്ങനെ നിങ്ങളുടെ ആവശ്യങ്ങൾക്കു മാത്രം സഹായിക്കുന്ന അടിമകളായി, വേലക്കാരായി അവരെ ഉപയോഗപ്പെടുത്തുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ സ്നേഹവും നിങ്ങൾ അവരോടു കാണിക്കുന്ന ബഹുമാനവും അവർ മനസ്സിലാക്കിയാൽ തീർച്ചയായും നിങ്ങളെ സഹായിക്കുവാൻ അവർ ഓടി വരും. ചില ഭവനങ്ങളിൽ നിങ്ങളുടെ ഭർത്താവിന്റെ അവിവാഹിതയായ സഹോദരിയോ സ്കൂളിൽ പഠിക്കുന്ന അനുജനോ ഉണ്ടായിരിക്കാം. മാതാപിതാക്കൾ തങ്ങളുടെ സ്വത്ത് വിറ്റ് കടം വാങ്ങി മൂത്തമകന് ഡിഗ്രികൾ നേടുവാനും അവന്റെ ജോലിക്കുവേണ്ടിയും അലഞ്ഞ് അവർ ജോലി വാങ്ങിക്കൊടുത്തശേഷം അവനെ നിങ്ങളോടൊപ്പം വിവാഹബന്ധത്തിൽ ചേർക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഭർത്താവിന്റെ അവിവാഹിതയായ അനുജത്തിയേയും സ്കൂളിൽ പഠിക്കുന്ന അനുജനേയും അവന്റെ പഠനത്തിനുവേണ്ടിയുള്ള ആവശ്യങ്ങളെയും നിറവേറ്റുവാൻ മൂത്തമകന്റെ ശമ്പളത്തെ പ്രതീക്ഷിക്കുന്നത് തെറ്റാണോ? നമ്മുടെ നാടിന്റെ സംസ്ക്കാരത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഭർത്താവിന്റെ കൂട്ടുകുടുംബത്തിൽ കഴിയുന്ന നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ

ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയിരുന്നാൽ ഭർത്താവിന്റെ ആ ഒരു ശമ്പളത്തിൽ കുടുംബത്തിന്റെ കഷ്ടങ്ങളും കുറവുകളും സഹിച്ച് നിങ്ങൾ പങ്കുവയ്ക്കുവാൻ തയ്യാറാകണം.

ഒരു കൂട്ടു കുടുംബത്തെ ശരിയായ ദിശയിൽ പരിപാലിക്കുന്നതിന് നിങ്ങൾ അറിഞ്ഞിരിക്കേണ്ട അനവധി കാര്യങ്ങൾ ഉണ്ട്. ഇങ്ങനെ ഒരു കുടുംബത്തിലാണല്ലോ ഞാൻ എത്തപ്പെട്ടത് എന്നുള്ള തോന്നലിൽ വെറുപ്പുള്ള ഭാവത്തോടെ നിങ്ങൾ ആയിരിക്കരുത്. താൻ വന്നു ചേർന്ന കുടുംബത്തിന്റെ എല്ലാ സാഹചര്യങ്ങളെയും മനസ്സിലാക്കി വിട്ടുവീഴ്ചാ മനോഭാവത്തോടെ ജീവിക്കുന്നതാണ് ജ്ഞാനമുള്ള സ്ത്രീയുടെ അലങ്കാരം. അത് നിങ്ങളുടെ സാമർത്ഥ്യം കൊണ്ടു മാത്രം കഴിയുന്നതല്ല. മറിച്ച് ദൈവീക കൃപയാൽ മാത്രമാണ് സാധ്യമാകുന്നത്. തന്റെ മാതാപിതാക്കളോടുള്ള സ്നേഹം മകൻ പ്രകടിപ്പിക്കുമ്പോൾ അതു കണ്ട് നിങ്ങൾ അസൂയപ്പെടുകയല്ല വേണ്ടത്, പകരം ആ സ്നേഹത്തിൽ നിങ്ങളും പങ്കാളിയാകുകയാണ് വേണ്ടത്. ജോലി കഴിഞ്ഞ് മടങ്ങി വരുന്ന ഭർത്താവ് ആദ്യം തന്റെ മാതാപിതാക്കളോട് സന്തോഷം പങ്കിടുന്നുവെങ്കിൽ അതിൽ നിങ്ങൾ വെറുപ്പ് പ്രകടിപ്പിക്കരുത്. കാരണം, അത് ഒരു പ്രത്യേക വാത്സല്യം ആണ്. നിങ്ങൾക്കു നൽകുന്നതും മറ്റൊരു വാത്സല്യം ആണ്. നിങ്ങൾ ഭർത്താവിന്റെ മാതാപിതാക്കളെ സ്നേഹിക്കുകയും അവർക്കു അർഹതപ്പെട്ട ബഹുമാനവും നൽകുകയാണെങ്കിൽ അത് കാണുന്ന നിങ്ങളുടെ ഭർത്താവിന് നിങ്ങളെ കൂടുതലായിട്ട് സ്നേഹിക്കുവാൻ കഴിയും. നിങ്ങളുടെ ഭർത്താവിനും, മാതാപിതാക്കൾക്കും ഇടയിൽ ഭിന്നത ഉണ്ടാക്കുവാൻ നിങ്ങൾ കാരണക്കാർ ആവരുത്. അമ്മായി അമ്മയെക്കുറിച്ച് ഭർത്താവിനോട് ദുരാരോപണം നടത്തുന്ന ഭാര്യമാരെക്കുറിച്ച് ഞാനും ധാരാളം കേട്ടിട്ടുണ്ട്. അത് ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയിരിക്കുന്ന സ്ത്രീക്ക് യോജിച്ചതല്ല. അമ്മായി അമ്മയിൽ നിന്നും നിങ്ങളെ വേദനപ്പെടുത്തുന്ന അനുഭവങ്ങൾ ഉണ്ടായാലും അത് ഉടനടി ഭർത്താവിനോട് പറയരുത്, പകരം നിങ്ങൾ ദൈവത്തോടാണ് പറയേണ്ടത്. ഏതുകാരണമായാലും, ഒരിക്കലും കള്ളം പറഞ്ഞ് നിങ്ങളുടെ ആത്മീയത നഷ്ടപ്പെടുത്തരുത്. ഒരിക്കലും പരസ്പരം വാഗ്വാദം നടത്തരുത്. അങ്ങനെയുള്ള അവസരങ്ങളിൽ ക്ഷമയോടെ

ശാന്തരായിരിക്കുന്നവർ വളരെ ചുരുക്കമാണ്. അങ്ങനെ ഒരു ക്ഷമാശീലം നൽകിയതിന് ദൈവത്തിനു നന്ദി പറയുന്നവരും ചുരുക്കമാണ്. ഈ അവസരങ്ങളിൽ മറുപടി പറയാതെ ക്ഷമയോടെ ശാന്തശീലത്തോടെ ആയിരിക്കുമ്പോൾ അമ്മായി അമ്മയുടെയും അമ്മായി അപ്പന്റേയും കോപത്തിന് അയവുവരുവാൻ കാരണമാകും. ഭർത്താവിന്റെ ഭവനത്തിൽ നടക്കുന്ന കാര്യങ്ങൾ ഉടനടി തന്റെ മാതാപിതാക്കളെ അറിയിക്കരുത്. അതു കാരണം, നിങ്ങളുടെ ഭർത്താവിനെ ഒരിക്കലും ഇകഴ്ത്തരുത്. അങ്ങനെ നിങ്ങളുടെ ഭർത്താവിനെ നിങ്ങളുടെ മാതാപിതാക്കളുടെ മുമ്പിൽ കഴിവില്ലാത്തവനായി ചിത്രീകരിക്കുമെങ്കിൽ, അത് മനസ്സിലാക്കുന്ന ഭർത്താവ് ഒരിക്കലും നിങ്ങളുടെ ഭവനത്തിൽ വരുവാൻ ആഗ്രഹിക്കുകയില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങളുടെ മാതാപിതാക്കളെ കാണുവാൻ നിങ്ങൾക്ക് ഒറ്റയ്ക്കു തന്നെ പോകേണ്ടി വരും. നിസ്സാരകാര്യങ്ങൾക്ക്, ഞാൻ എന്റെ വീട്ടിൽ പോകും എന്നു ഭർത്താവിനെ ഭീഷണിപ്പെടുത്തുന്നതും നന്നല്ല. ഈ ലോകത്തിൽ ദൈവം നമുക്കു നൽകിയിരിക്കുന്നത് ഒരൊറ്റ ജീവിതമാണ്. കുടുംബത്തിലുള്ള ഏതു പ്രശ്നങ്ങളേയും നേരിടുവാനുള്ള ദൈവീകശക്തി നിങ്ങൾ പ്രാപിക്കണം. നിങ്ങളുടെ അമ്മായി അമ്മയെക്കുറിച്ചോ, ഭർത്താവിനെക്കുറിച്ചോ, നാത്തൂനെക്കുറിച്ചോ ഒരു കാര്യങ്ങളും ബന്ധുക്കളുമായോ അയൽപക്കക്കാരോടോ ഒരിക്കലും പങ്കു വയ്ക്കരുത്. സ്വത്തു തർക്കം വല്ലതും ഉണ്ടെങ്കിൽ, അത് ഒരു തർക്കത്തിനും ഇടവരുത്താതെ, വിട്ടു കൊടുക്കുവാൻ ഭർത്താവിനെ ഉപദേശിക്കുന്നതും നല്ലത്.

മരുമകളെ സ്വന്തം മകളെപ്പോലെ കരുതി സ്നേഹിക്കുന്ന അമ്മായി അമ്മമാരും ഉണ്ട്. ചില അമ്മായി അമ്മമാർ മരുമകളെ പ്രസവത്തിന് അവരുടെ ഭവനത്തിൽ പോലും അയയ്ക്കാതെ സ്വന്തം മകളെപ്പോലെ സ്നേഹിക്കുകയും പ്രസവശുശ്രൂഷയുടെ എല്ലാ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നു. രണ്ടാമതും പ്രസവിച്ച കുഞ്ഞും പെൺകുട്ടി ആയതുകൊണ്ടുള്ള വിഷമത്തിലായിരിക്കുന്ന മരുമകളെ, അവളുടെ തോളിൽ തട്ടി “സാരമില്ല മോളെ” എന്നും പറഞ്ഞ് ആശ്വസിപ്പിക്കുന്ന അമ്മായി അമ്മമാരെയും ഞാൻ കണ്ടിട്ടുണ്ട്. സ്നേഹമുള്ള അമ്മായി അമ്മമാർ തങ്ങളുടെ പെൻഷൻ തുക

ചിലവാക്കി തന്റെ കൊച്ചു മക്കളെ വാത്സല്യത്തോടെ വളർത്തുന്നതും ഞാൻ കണ്ടിട്ടുണ്ട്. മരുമകൾ ഉദ്യോഗസ്ഥയാണെങ്കിൽ, അവൾ പോയിക്കഴിഞ്ഞാൽ, ആ ഭവനത്തിലെ ഒരു വേലക്കാരിയെപ്പോലെ വീട്ടിൽ ഭക്ഷണം ഉണ്ടാക്കുകയും, വീട് തുടച്ച് വൃത്തിയാക്കുന്നതും കുഞ്ഞുങ്ങളുടെ കാര്യങ്ങളെല്ലാം നോക്കുന്നതും അമ്മായി അമ്മമാർ തന്നെയാണ്. എനിക്ക് ഒരു അമ്മായി അമ്മയെ അറിയാം. തന്റെ മകന്റെ വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം ആ മകൻ ഒരു വാഹന അപകടത്തിൽ മരിച്ചപ്പോൾ വിധവയായ തന്റെ മരുമകളെ, തന്റെ ചിലവിൽ തന്നെ മറ്റൊരു വിവാഹബന്ധം നടത്തി അവളെ ജീവിതത്തിലേക്കു കൊണ്ടു വന്നതും എനിക്കറിയാം. ചില അമ്മായി അമ്മമാരുടെ ക്രൂരത അധികമാകുന്നുവെങ്കിൽ ഒരളവുവരെ അത് നിർത്തുവാൻ ബുദ്ധിയോടെ പ്രവർത്തിക്കുക. അതിരുകടന്നാൽ നിങ്ങൾ പകരം ദേഷ്യപ്പെടുകയോ, തെറ്റായ വാക്കുകൾ ഉപയോഗിക്കുകയോ ചെയ്യുവാൻ ഇടവരരുത്, എന്നാൽ നിങ്ങളുടെ അവകാശവും അധികാരവും നഷ്ടപ്പെടുവാനും ഇടവരാതെ സൂക്ഷിക്കണം. എന്നിട്ടും അതിന് പ്രതിവിധി ലഭിക്കുന്നില്ലായെങ്കിൽ, നിങ്ങളുടെ അടുത്ത ചെകിടും കാണിച്ചു കൊടുക്കുക. ഇത് നമ്മുടെ കർത്താവ് കൽപിച്ച കൽപനയാണ്. ഞാൻ, ഇങ്ങനെ ഉപദേശിക്കുന്നതിന്റെ കാരണം, ഒരു കുടുംബം തകരുവാൻ ഒരിക്കലും ഇടവരരുത് എന്നുള്ള ഉദ്ദേശത്താലാണ്. എല്ലാത്തിനും ഒരു അവസാനം ഉണ്ട്. അതിനായി ദീർഘക്ഷമയോടെ കാത്തിരിക്കുക. നിങ്ങൾ ഭാവിയിൽ ഒരമ്മായിഅമ്മയായി നടക്കുവാൻ എങ്ങനെ ആഗ്രഹിക്കുന്നുവോ, അതുപോലെ, നിങ്ങളുടെ അമ്മായി അമ്മയേയും നടത്തുവാൻ ശ്രമിക്കണം. ആഹാരസാധനങ്ങൾ വിളമ്പുവാൻ അവർ ആഗ്രഹിച്ചാൽ, എതിർക്കാതെ, അവരുടെ ഇഷ്ടത്തിന് വിട്ടുകൊടുക്കുക. സ്വത്തിനും പെൻഷനും വേണ്ടി അമ്മായി അമ്മയോട് കപടസ്നേഹം കാണിക്കുന്ന മരുമക്കളും ഉണ്ട്. നിങ്ങളുടെ സ്നേഹം പരിപാവനവും നിർവ്യാജവും ആയിരിക്കട്ടെ.

ചില പ്രത്യേക സാഹചര്യങ്ങളിൽ അമ്മായി അമ്മയെ വിട്ട് നിങ്ങൾക്ക് പ്രത്യേക കുടുംബമായി ജീവിക്കേണ്ടി വന്നാൽ, കൂടെക്കൂടെ അമ്മായിഅമ്മയെ വിളിച്ച് സ്നേഹാന്വേഷണം നടത്തണം. ഇടവേളകളിൽ നിങ്ങൾ ഭർത്താവും

മക്കളും ഒരുമിച്ച് അവരുടെ ഭവനത്തിൽ ഒത്തുചേർന്ന് സന്തോഷം പങ്കിടുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. അമ്മായി അമ്മയോ അമ്മായി അപ്പനോ രോഗശയ്യയിൽ ആയിരിക്കുന്നുവെങ്കിൽ, കഴിവതും അവരോടൊപ്പം ആയിരുന്നു, അവരെ പരിചരിക്കുന്നതിൽ വീഴ്ച വരുത്തരുത്. ശയ്യാവലംബിയായ അമ്മായി അമ്മയെ ശുശ്രൂഷിക്കുവാൻ തന്റെ പ്രമോഷൻ പോലും നിരസിച്ച മരുമകളെയും എനിക്ക് അറിയാം.

- ☐ **യിസ്ഹാക്കിനും റിബെക്കാക്കും** തങ്ങളുടെ മരുമക്കളായ യെഹൂദീത്തും ബാസമത്തും **മനോവ്യസന കാരണമായിരുന്നു** (ഉല്പ. 26:34,35). ഈ മരുമക്കൾ കാരണം അമ്മായി അമ്മയായ **റിബെക്കാക്ക്** താൻ ജീവിക്കുന്നതുതന്നെ **വെറുപ്പായി** തോന്നി (ഉല്പ. 27:46).

പക്ഷേ **രൂത്ത്** തന്റെ അമ്മായി അമ്മയെ പറ്റി നിന്നു (അനുഗമിച്ചു) (രൂത്ത് 1:14). **ദൈവത്തെ അല്ലാതെ, അനാഥയായ** അവളുടെ അമ്മായി അമ്മയെ എന്തിനു പിൻചെല്ലണം? ബോവാസ് രൂത്തിനോടു പറഞ്ഞത്, "നീ നിന്റെ അമ്മായി അമ്മയെ പിരിയാതെ അവളോടു ചെയ്തതെല്ലാം ഞാൻ കേട്ടറിഞ്ഞു. നിന്റെ പ്രവൃത്തിക്ക് യഹോവ ഫലം നൽകട്ടെ". **"യിസ്രയേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻകീഴെ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്കു അവൻ പൂർണ പ്രതിഫലം തരുമാറാകട്ടെ"** (രൂത്ത് 2:11,12). അവൻ പറഞ്ഞതുപോലെ തന്നെ അനുഗ്രഹം ദൈവത്തിൽ നിന്നും അവൾക്കു ലഭിച്ചു.

അമ്മായി അമ്മയുടെയും മരുമകളുടെയും പവിത്രമായ ബന്ധം ശ്രേഷ്ഠമായതുകൊണ്ടാണ് ദൈവം അതിനുവേണ്ടി ഒരു പുസ്തകം തന്നെ വേദപുസ്തകത്തിൽ നമുക്കായി നൽകിയിരിക്കുന്നത്. മാന്യ ജാമക്കാരൻ വായനക്കാർ വീണ്ടും രൂത്തിന്റെ പുസ്തകം വായിച്ചു മനസ്സിലാക്കുക. നിങ്ങൾ ഓരോരുത്തരും രൂത്തായി മാറുന്നതുവരെ വീണ്ടും വീണ്ടും ഈ പുസ്തകം വായിക്കണം. ഇതു വായിക്കുന്ന വിവാഹിതരായ എല്ലാ സഹോദരിമാരേയും സാക്ഷ്യമുള്ള ജീവിതം നയിക്കുന്ന മരുമക്കളായി വലിയവനായ ദൈവം മാറ്റി സമാധാനവും സന്തോഷവും നിറഞ്ഞ ഒരു കുടുംബജീവിതം നൽകുമാറാകട്ടെ.

- If Evolution is true, and man is only an accident,an aimless wanderer in time and space, moving futilely between points of illusionary happiness, tragedy,achievement,pain..
- If man is,himself, the greatest power over his existence and yet,in the multitudinous causes and effect surrounding him, even he has almost no control... [redacted]
- If man's hope is no more than to exist until by chance he ceases to exist-
  If evolution is true, then there is no existence more miserable than man's because, of all living beings, he alone is hopeless and miserable, and he alone has the awareness of self to know it,
- who would champion such a depressing belief? and who would want to convert others to it, through subverting and destroying a faith based hope for a better life to come?

  \- betty burton choate

**OCTOBER - 2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**

| | |
|---|---|
| **India** | **- Rs.60/** |
| **Foreign** | **- Rs.600/** |

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.